# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1809

## 04-05-2017 ൽ മറുപടിക്ക്

**കൊല്ലകടവ് -കുളനട , ഹരിപ്പാട്-പറയങ്കേരികടവ്, മാന്നാർ-വീയപുരം റോഡുകളുടെ പണി**

| ചോദ്യം<br>ശ്രീ.കെ.കെ. രാമചന്ദ്രൻ നായർ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) 2016-17 ബഡ്ജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി ഡി.പി.ആർ തയ്യാറാക്കി സമർപ്പിച്ച കൊല്ലകടവ് -കുളനട, ഹരിപ്പാട്-പറയങ്കേരികടവ് , മാന്നാർ-വീയപുരം എന്നീ റോഡുകളുടെ പണി ആരംഭിക്കാനുള്ള കാലതാമസത്തിന്റെ കാരണം വിശദീകരിക്കുമോ; | 2016-17 ലെ ബജറ്റ് പ്രസംഗത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കാൻ പ്രഖ്യാപിച്ച 137 റോഡുകളിൽ കൊല്ലകടവ് - കുളനട റോഡിന്റേയും , മാന്നാർ - വീയപുരം റോഡിന്റേയും ഡി.പി.ആർ കിഫ്ബിയിൽ ലഭിച്ചിട്ടുണ്ട്. കിഫ്ബിയുടെ 28ാം ബോർഡ് യോഗം നടന്ന 21.03.2017 ന് ശേഷമാണ് കൊല്ലകടവ് - കുളനട റോഡിന്റെയും, മാന്നാർ - വീയപുരം റോഡിന്റെയും ഡി.പി.ആർ കിഫ്ബിക്ക് സമർപ്പിച്ചത്. ഇതിന്റെ സൂക്ഷ്മ പരിശോധന നടന്നു വരുന്നു. പദ്ധതി അവലോകന റിപ്പോർട്ട് യോഗ്യമെങ്കിൽ അടുത്ത ബോർഡിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതാണ്. എന്നാൽ ഹരിപ്പാട്-പറയങ്കേരികടവ് റോഡ് 2016-17 ലെ ബജറ്റ് പ്രസംഗത്തിൽ കിഫ്ബി പദ്ധതിയായി ഉൾപ്പെട്ടിട്ടില്ല. |
| (ബി) പ്രസ്തുത റോഡുകളുടെ പണി എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ